"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അരീക്കോട് ഗ്രാമ പഞ്ചായത്തിൻ്റെ ബാപ്പ സാഹിബ് സ്റ്റേഡിയത്തിൽ 2026 മാർച്ച് 20 മുതൽ ഏപ്രിൽ 30 വരെ നടക്കുന്ന ഫുട്ബോൾ ടൂർണ്ണമെൻ്റിന് വിനോദ നികുതി ഇളവ് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ആർ സി) വകുപ്പ്**

സ.ഉ.(സാധാ) നം.758/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-
1. അരീക്കോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 08.01.2026 ലെ 3 നമ്പർ തീരുമാനം
2. ഫുട്ബോൾ ടൂർണമെന്റ് കൺവീനറുടെ 10.03.2026 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

അരീക്കോട് ഗ്രാമ പഞ്ചായത്തിൻ്റെ ബാപ്പ സാഹിബ് സ്റ്റേഡിയത്തിൽ 2026, മാർച്ച് 20 മുതൽ ഏപ്രിൽ 30 വരെ ഫുട്ബോൾ ടൂർണമെന്റ് നടത്തി വരികയാണെന്നും, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഫുട്ബോൾ കോച്ചിംഗ് ക്യാമ്പുകൾക്കും ആവശ്യമായ ധനസമാഹരണം ലക്ഷ്യമിട്ടാണ് ഈ ടൂർണമെന്റ് സംഘടിപ്പിക്കുന്നതെന്നും, ഈ വിഷയം പരിഗണിച്ച അരീക്കോട് ഗ്രാമപഞ്ചായത്ത് ഭരണ സമിതി സർക്കാർ അനുമതിക്ക് വിധേയമായി വിനോദ നികുതി ഒഴിവാക്കുന്നതിന് പരാമർശം 1 പ്രകാരം തീരുമാനിക്കുകയും പ്രസ്തുത ടൂർണ്ണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് ഫുട്ബോൾ ടൂർണമെന്റ് കൺവീനർ പരാമർശം 2 പ്രകാരം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട് .

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 1 പ്രകാരം അരീക്കോട് ഗ്രാമ ഗ്രാമപഞ്ചായത്ത് ഭരണസമിതി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അരീക്കോട് ഗ്രാമ പഞ്ചായത്തിന്റെ ബാപ്പ സാഹിബ് സ്റ്റേഡിയത്തിൽ 2026 മാർച്ച് 20 മുതൽ ഏപ്രിൽ 30 വരെ നടക്കുന്ന ഫുട്ബോൾ ടൂർണ്ണമെൻ്റിന് ഈടാക്കുന്ന വിനോദ നികുതി, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കാണ് ഉപയോഗിക്കേണ്ടത് എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, Kerala Local Authorities Entertainment Tax Act, Section 7 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് പ്രസ്തുത നികുതിയിൽ 50% ഇളവ് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, അരീക്കോട് ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ഓഡിറ്റ് & എ&ഇ), തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഐ & പി. ആർ.ഡി - വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി (RC2/79/2026-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Shini Pereira. V
സെക്ഷൻ ഓഫീസർ
Date: 15-03-2026 14:07:22